(ഡി) കയർ മേളകളും മന്ത്രിയുടെ ഉദ്യോഗസ്ഥരുടെയും വിദേശയാത്രകളും മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എപ്രകാരം ഉപകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) കയറിന്റേയും കയറുല്പന്നങ്ങളുടേയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാവുന്ന വിലവ്യതിയാനവും കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റുമേഖലകളിലേയ്ക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള കയർ മേളകൾമൂലം കയറിന്റേയും കയറുല്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി കണ്ടെത്തുവാനും കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള കയർ മേളകളിൽ കോന്നിയിൽ വച്ചു നടന്ന 'കേരള കയർ ഫെയർ 2015' ഒഴികെ മറ്റു മേളകൾക്കെല്ലാം കൂടി 17,69,59,691 രൂപ ചെലവഴിച്ചിട്ടുണ്ട്. മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധൂർത്ത് നടന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കയർ മേളകളുടെയും ബഹു. മന്ത്രിയും ഉദ്യോഗസ്ഥരും അന്താരാഷ്ട്ര ഫെയറുകളിൽ പങ്കെടുക്കുന്നതിന്റെയും ഫലമായി കയർ മേഖലയിൽ പുതിയ വിദേശ കമ്പോളം കണ്ടെത്തുന്നതിനും കയറിന്റേയും കയറുല്പന്നങ്ങളുടേയും ആഗോളവിപണി മെച്ചപ്പെടുത്തുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

ഇ-പെയ്മെന്റ് സംവിധാനം

23 (*263) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിച്ചതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്):

(എ) പൊതുമരാത്ത് വകുപ്പിൽ 10-1-2012 തീയതിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2012/PWD പ്രകാരം ഇ-പെയ്മെന്റ് നടപ്പിലാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നം.28609/H3/2010/PWD പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ടെണ്ടർ സമർപ്പിക്കുന്നതുമുതൽ കരാറുകാരന് തുക കൈമാറുന്നതുവരെയുള്ള നടപടികൾ ഓൺലൈനിലൂടെ നടപ്പിലാക്കുന്നതാണ് ഇ-പെയ്മെന്റ് സംവിധാനം. ടെണ്ടറിന്റെ വിലയും നിരതദ്രവ്യവും ഇപ്പോൾ തന്നെ ഇ-പേയ്മെന്റ് വഴിയാണ് നടത്തുന്നത്. ഈ സംവിധാനം പൂർണ്ണമായ തോതിൽ നടപ്പിലാക്കി വരുന്നതേയുള്ളൂ.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതു മരാമത്ത് വകുപ്പിൽ നിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പെയ്മെന്റ് സംവിധാനംവഴി കഴിയുന്നു. പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി. വകുപ്പ്, എൻ.ഐ.സി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly